# പതിനാലാം കേരള നിയമസഭ

## (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1415 02.03.2017-ൽ മറുപടിയ്ക്ക്**

**<u>ഫിഷർമെൻ കോളനിയിലെ ജീർണ്ണാവസ്ഥയിലായ ഇരട്ട വീട്ടുകൾ</u>**

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ഫിഷർമെൻ കോളനിയിൽ നിലവിലുള്ള ഇരട്ടവീട്ടുകൾ താമസയോഗ്യമല്ലാത്ത വിധം ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) ഇത്തരം ആറു വീട്ടുകൾ പന്ത്രണ്ട് വീട്ടുകളാക്കി പുനർനിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | എ) യും ബി) യും | ഉണ്ട്. തൃശ്ശൂർ ജില്ലയിൽ വാടാനപ്പള്ളി ഫിഷറീസ് കോളനിയെ 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന ഫിഷർമെൻ കോളനി നവീകരണ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ വീതവും ഭവന പുനരുദ്ധാരണത്തിനായി 50,000/- രൂപ വീതവും ധനസഹായം നൽകുന്ന പദ്ധതിയിലേക്ക് തിരഞ്ഞെടുത്തിരുന്നു. ഇരട്ട വീടുകൾ ഒറ്റ വീടുകൾ ആക്കുന്നതിന് 2 ലക്ഷം രൂപ മതിയാകില്ല എന്ന കാരണത്താൽ കോളനി നിവാസികൾ അപേക്ഷ സമർപ്പിച്ചിരുന്നില്ല. ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ ഭവന നിർമ്മാണത്തിന് അനുവദിയ്ക്കുന്ന ധനസഹായമായ 2 ലക്ഷം രൂപ വർദ്ധിപ്പിക്കുന്നതനുസരിച്ച് വീട്ടുകൾ പുനർനിർമ്മിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**